ഭരണഭാഷ - മാതൃഭാഷ

NO
TO

നം.എം4/618579/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18/10/2022.
e-mail: supdtm.dge@kerala.gov.in

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം സ്കൂളുകളിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തന ങ്ങളുടെ വിശദാംശങ്ങൾ 'സ്കൂൾവിക്കി', 'സമ്പൂർണ'എന്നിവയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.08.2022 ലെ എം(4)/618579/22/ ഡി.ജി.ഇ നമ്പർ സർക്കുലർ.
2. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ 15.10.2022 അവലോകന യോഗത്തിലെ തീരുമാനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/10/2022 ലെ എം(4)/618579/22/ ഡി.ജി.ഇ നമ്പർ സർക്കുലർ.
4. കൈറ്റ് സി.ഇ.ഒ.യുടെ 20.10.2022 ലെ കൈറ്റ്/2022/1350 (33) നമ്പർ കത്ത്.

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകളിൽ നടത്തേണ്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന 1 പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും, സൂചന (3) പ്രകാരം തുടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കോവിഡ് കാലയളവിൽ കുട്ടികളുടെ സർഗശേഷി പ്രകാശിപ്പിക്കുന്നതിന് പ്രത്യേക പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും നൽകുകയും അവ പ്രസിദ്ധീകരിക്കുന്നതിനായി 'അക്ഷര വൃക്ഷം' എന്ന പേരിൽ സ്കൂൾവിക്കിയിലൂടെ എല്ലാ സ്കൂളുകൾക്കും അവസരം നൽകിയിരുന്നു. ഇതേ മാതൃകയിൽ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സ്കൂൾവിക്കി പോർട്ടലിലും സമ്പൂർണ പോർട്ടലിലും ഉൾപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിലെ ജനജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ, സ്കൂൾതല കർമ്മപദ്ധതി സംബന്ധിച്ച വിവരങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച കുറിപ്പുകളും, തെരെഞ്ഞെടുത്ത മികച്ച 5 ഫോട്ടോ, കുറിപ്പുകൾ എന്നിവ സ്കൂളുകൾ അവരവരുടെ സ്കൂൾവിക്കി (www.schoolwiki.in)പേജിൽ പ്രവേശിച്ച് 21.10.2022 മുതൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
2. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ പ്രചരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം സമ്പൂർണയിൽ (sampoorna.kite.kerala.gov.in) അതത് സ്കൂളുകളുടെ സമ്പൂർണ ലോഗിൻ ഉപയോഗിച്ച് അതത് ദിവസം ഉൾപ്പെടുത്തേണ്ടതാണ്.
3. 11, 12 ക്ലാസുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം ഹൈസ്ക്കൂളുകളുടെ സമ്പൂർണ ലോഗിൻ വഴി തന്നെ രേഖപ്പെടുത്തേണ്ടതാണ്.
4. സ്കൂൾവിക്കിയിൽ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിന് പോർട്ടലിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ള സാങ്കേതിക വിശദാംശങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
5. ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ 2022 ഒക്ടോബർ 20 മുതൽ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. പ്രസ്തുത പരിപാടികൾ വീക്ഷിക്കുന്നതിന് കുട്ടികൾക്ക് പ്രത്യേക നിർദേശം നൽകാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ. വിഭാഗം)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)
5. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
7. സ്റ്റോക്ക് ഫയൽ

Say No To Drugs Campaign ഭാഗമായി വിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ചിത്രങ്ങളും വിവരണങ്ങളും സ്കൂൾവിക്കിയിൽ ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ:

**a) ചിത്രം അപ്‌ലോഡ് ചെയ്യൽ**

- **ചിത്രത്തിന്റെ File name താഴെപ്പറയുന്ന മാതൃകയിലായിരിക്കണം.**

**SNTD22-DistrictCode-SchoolCode-FileNumber.jpg**

ഉദാ: തിരുവനന്തപുരം ജില്ലയിലെ **99999** എന്ന സ്കൂൾകോഡുള്ള വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങളുടെ 5 ചിത്രങ്ങളാണ് ചേർക്കുന്നത് എങ്കിൽ, ഫയൽനാമം

SNTD22-TVM-99999-1.jpg
SNTD22-TVM-99999-2.jpg
SNTD22-TVM-99999-3.jpg
SNTD22-TVM-99999-4.jpg
SNTD22-TVM-99999-5.jpg എന്നായിരിക്കണം.

| District | District code | File name format |
|---|---|---|
| തിരുവനന്തപുരം | TVM | SNTD22-TVM-SchoolCode-1.jpg |
| കൊല്ലം | KLM | SNTD22-KLM-SchoolCode-1.jpg |
| പത്തനംതിട്ട | PTA | SNTD22-PTA-SchoolCode-1.jpg |
| ആലപ്പുഴ | ALP | SNTD22-ALP-SchoolCode-1.jpg |
| കോട്ടയം | KTM | SNTD22-KTM-SchoolCode-1.jpg |
| ഇടുക്കി | IDK | SNTD22-IDK-SchoolCode-1.jpg |
| എറണാകുളം | EKM | SNTD22-EKM-SchoolCode-1.jpg |
| തൃശ്ശൂർ | TSR | SNTD22-TSR-SchoolCode-1.jpg |
| പാലക്കാട് | PKD | SNTD22-PKD-SchoolCode-1.jpg |
| മലപ്പുറം | MLP | SNTD22-MLP-SchoolCode-1.jpg |
| കോഴിക്കോട് | KKD | SNTD22-KKD-SchoolCode-1.jpg |
| വയനാട് | WYD | SNTD22-WYD-SchoolCode-1.jpg |
| കണ്ണൂർ | KNR | SNTD22-KNR-SchoolCode-1.jpg |
| കാസർഗോഡ് | KGD | SNTD22-KGD-SchoolCode-1.jpg |

- **ചിത്രങ്ങൾക്ക് നിർബന്ധമായും SNTD22 എന്ന വർഗ്ഗം ചേർക്കണം**
- **സ്കൂൾകോഡ് കൂടി ഒരു വർഗ്ഗമായിച്ചേർക്കണം.**

**അപ്‌ലോഡ് ചെയ്യുന്നതിന് മുൻപ്, താഴെപ്പറയുന്ന മാനദണ്ഡങ്ങൾ കൂടി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക,**

- ചിത്രത്തിന്റെ Metadata നഷ്ടപ്പെടരുത്. അതിനാൽ, യഥാർത്ഥ ചിത്രങ്ങൾ മാത്രം ചേർക്കുക. സ്ക്രീൻഷോട്ട് / വാട്സ്ആപ്പ് വഴി അയച്ച ചിത്രങ്ങൾ എന്നിവ ചേർക്കരുത്.
- പകർപ്പവകാശമില്ലാത്ത ചിത്രങ്ങൾ മാത്രമേ സ്കൂൾവിക്കിയിൽ ചേർക്കാവൂ.
- സ്കൂൾവിക്കിക്ക് / വിദ്യാർത്ഥികൾക്ക് ഉചിതമല്ലാത്ത ചിത്രങ്ങൾ ചേർക്കരുത്.
- കുട്ടികളുടെ സ്വകാര്യത പാലിച്ചുള്ള ചിത്രങ്ങൾ മാത്രമേ ചേർക്കാവൂ.
- ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളവ പാടില്ല.
- പരസ്യങ്ങൾ അടങ്ങിയ ചിത്രങ്ങൾ പാടില്ല.
- ഒരേ തരത്തിലുള്ള അനേകം ചിത്രങ്ങൾ വേണ്ടതില്ല.
- പ്രമാണത്തിന്റെ വലിപ്പത്തിന്റെ കൂടിയ പരിധി: 2 MB യാണ്. ഉയർന്ന വലുപ്പമുണ്ടെങ്കിൽ, gimp പോലുള്ള ഏതെങ്കിലും സോഫ്റ്റ്‌വെയർ ഉപയോഗിച്ച് Metadata നഷ്ടപ്പെടാതെ തന്നെ റീസൈസ് ചെയ്യാവുന്നതാണ്.
- അനുവദനീയമായ പ്രമാണ തരങ്ങൾ: **png, jpg, jpeg, svg.**
- അപ്‌ലോഡ് ചെയ്യപ്പെടുന്ന പ്രമാണം വിക്കിയിലെ **താളുകളിലൊന്നിലും ഉപയോഗിക്കുന്നില്ലായെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാത്തയാണെങ്കിലും, അവ മായ്ക്കപ്പെടാം.**

**b) പദ്ധതി താളിൽ ചിത്രവും വിവരങ്ങളും ചേർക്കൽ**

- സ്കൂൾപേജിന്റെ പ്രൊജക്റ്റുകൾ എന്ന വിഭാഗത്തിൽ **Say No To Drugs Campaign** എന്ന കണ്ണി തുറന്ന് ഉപതാളായി പേജ് സൃഷ്ടിക്കാം.
- പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ടും അപ്‌ലോഡ് ചെയ്ത ചിത്രങ്ങളും ഈ പേജിൽ ചേർക്കുക.

കൂടുതൽ സഹായത്തിന് www.schoolwiki.in ലെ പദ്ധതിത്താൾ സന്ദർശിക്കുക